MR. P. S. MUHAMMED: ഈ വള്ളങ്ങൾ സൂക്ഷിക്കേണ്ടതു് ഈ ഫിഷറീസ് കമ്മിറ്റിയുടെ ചുമതലയാണോ, അതോ ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണോ?

HON'BLE MR. T. M. VARGHESE.: ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരാണ് അതിനു ചുമതലപ്പെട്ടിരിക്കുന്നതു്.

MR. K. R. ELANKAT (*Trivandrum IV—General*): കമ്മിറ്റിക്കു കടംകൊടുത്തതുക എത്രയാണെന്നു പറയാമോ?

HON'BLE MR. T. M. VARGHESE: മുന്നു ലക്ഷം രൂപാ കടം കൊടുത്തിട്ടുണ്ടു്.

Accounts of the food Department.

371. MR. PAUL THALIATH (*Parur III—General*): Will the Honourable Minister for food be pleased to state:

(*a*) whether the accounts of 1120, 1121 and 1122 of the purchasing and distributing sections of the Food department have been audited?

(*b*) if the answer to (a) is in the affirmative whether the audit officers have submitted reports;

(*c*) if the answer to (b) is in the affirmative whether any loss has been sustained by Government due to the negligence of any of the officers of the department; and

(*d*) if the answer to (c) is in the affirmative the names of such officers and the accounts so lost by such officers respectively?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) Audit reports for period ending 1120 have been submitted to Government separately for each food grains Depot, except in certain cases where the matter is under further correspondence. Audit reports for 1121 and 1122 are under preparation.

(*c*) No.

(*d*) Does not arise in view of the answer to C.

MR. PAUL THALIAT: ഉദ്യോഗസ്ഥന്മാരുടെ കുറ്റംകൊണ്ടു് ഗവണ്മെൻറിനു ഒരു സംഖ്യയും നഷ്ടപ്പെട്ടിട്ടില്ലെന്നാണോ പറയുന്നതു്?

HON'BLE MR. K. M. KORAH: എന്നു പറഞ്ഞില്ല. ആ റിപ്പോർട്ടു് ആഗസ്റ്റ് നു-ാംനു-യാണു് കിട്ടിയതു് എന്നാണു പറഞ്ഞതു്. ഇപ്പോൾ അതു പഠിച്ചുകൊണ്ടിരിക്കുകയാണു്.

വയ്ക്കം ബസ്സ്റ്റാൻറ്.

372. MR. V. MADHAVAN (*Vaikom II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടൗൺസ്പോർട്ട്മന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) വയ്ക്കം-കോട്ടയം ലൈനിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽനിന്നും എക്സ്പ്രസ് സർവീസു നടത്തുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ വയ്ക്കത്തു ഡിപ്പാർട്ടുമെൻറുവക ബസ്സ് സ്റ്റാൻറുണ്ടോ?

(സി) വയ്ക്കത്തു രാത്രിയിൽ ബസ്സ് സൂക്ഷിക്കുന്നുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എവിടെ സൂക്ഷിക്കുന്നു?

(ഇ) അവിടെ യാത്രക്കാക്ക് ഇരിക്കുന്നതിനു വല്ല സൗകര്യവും ചെയ്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : (*a*) Yes.

(*b*) No.

(*c*) Yes.

(*d*) In the Taluk Co-operative buildings as a temporary measure.

(*e*) No.

MR. V. MADHAVAN : അവിടെ യാത്രക്കാക്ക് ഇരിക്കാൻ സ്ഥലസൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : ഷെഡ്ഡും യാത്രക്കാക്ക് ഇരിക്കാനുള്ള സ്ഥലവും അഞ്ചലാഫീസുകാമ്പൗണ്ടിൽ പണിയാൻ ആലോചിച്ചുവരുന്നു. അവിടെ കെട്ടിടം പണിതുകഴിയുമ്പോൾ ഈ സൗകര്യമെല്ലാം ഉണ്ടാകുന്നതാണ്.

MR. V. MADHAVAN : ഷെഡ്ഡില്ലാത്തതുകൊണ്ടു ഒരു കണ്ടക്ടരുടെ കയ്യിലുണ്ടായിരുന്ന പണം മോഷണം പോയതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. K. A. MATHEW (*Thiruvalla IV—General*) : ഷെഡ്ഡില്ലാത്തതിനാൽ ബസ്സുകൾ മഴ നനഞ്ഞു് എളുപ്പത്തിൽ നാശപ്പെടുകയില്ലേ?

HON'BLE MR. A. ATCHUTHAN : ഇപ്പോൾ കോവാപ്പറേറ്റിവു സൊസൈറ്റി ബിൽഡിംഗിൽ ബസ്സുകൾ സൂക്ഷിച്ചുവരുന്നു. എത്രയും വേഗത്തിൽ പുതിയ കെട്ടിടം പണിയിപ്പിച്ചു ബസ്സുകൾ അങ്ങോട്ടേക്കു മാറ്റുവാൻ ശ്രമിച്ചുവരികയാണു്.

Forest lands assigned to Forest Industries, Travancore Ltd.

373. MR. PAUL THALIAT : Will the Honourable Minister for Indutsries be pleased to state,

(*a*) whether any forest lands have been assigned to Forest Industries, Travancore Ltd.

LIBRARY ARCHIVES Kerala Legislative Assembly